"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**നം.ഡി.ബി 3/6512/13/സിഇ/തസ്വഭവ** **തീയതി : 04.03.2016**

# സർക്കുലർ

വിഷയം:- തസ്വഭവ - എൻജിനീയറിംഗ് വിഭാഗത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 3G Data card (USB Modem dongle) ഈ സാമ്പത്തിക വർഷത്തിൽ തന്നെ വാങ്ങി നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) ജി.ഒ. (ആർറ്റി) നം. 11012/15/ഫിൻ, തീയതി 19.12.2015.
2) ഉത്തരവ് നം. ഇ7/3192/15/സിഇ/തസ്വഭവ (2), തീയതി 09.02.2016.

സൂചന (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിൽ PRICE Software നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് എല്ലാ മൊബൈൽ ഡേറ്റാ സേവന ദാതാക്കളുടെയും സിം കാർഡ് ഉപയോഗിക്കാൻ കഴിയുന്ന 3G Data card (USB Modem dongle) വാങ്ങി നൽകുന്നതിന് 2515-00-001-90-Municipalities & Corporation, 2515-00-001-91-Supervison, 2515-00-001-92-Execution-99 Information Technology (Non Plan – Voted) എന്നീ പുതിയ ശീർഷകത്തിൽ നിന്നും തുക അനുവദിച്ചിരുന്നു. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ഒരു ജില്ലയിലെ ഒരു മുനിസിപ്പാലിറ്റിയിലെ തലവനെയാണ് ആ ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റിയിലെ എൻജിനീയർമാർക്കും ഡാറ്റാ കാർഡ് വാങ്ങി നൽകാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതുപോലെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ഉപകരണം വാങ്ങുന്നതിന് ശരാശരി 1,500/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. എങ്കിൽ തന്നെയും അനുവദിച്ചിട്ടുള്ള തുകയ്ക്ക് കഴിയുന്നതും ഗുണമേന്മയുള്ള പരമാവധി എണ്ണം 3G Data card വാങ്ങി നൽകുവാൻ താൽപ്പര്യപ്പെടുന്നു.

ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപു തന്നെ ടി ഉപകരണം വാങ്ങുന്നതിനായി ആവശ്യമായ എല്ലാ വകുപ്പുതല നടപടികളും (Store Purchase Rule) പ്രകാരം സ്വീകരിച്ചുകൊണ്ട് വാങ്ങി എൻജിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷം തന്നെ ടി ശീർഷകത്തിൽ നിന്നും തുക വിനിയോഗിക്കാത്തപക്ഷം ടി ആവശ്യത്തിലേയ്ക്ക് അനുവദിച്ച തുക നഷ്ടപ്പെടുന്നതാണ്. ആയതിനാൽ ടി വിഷയത്തിൽ വീഴ്ച വരുന്നപക്ഷം, ഉപകരണം വാങ്ങി നൽകുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി അടുത്ത വർഷം ഉപകരണം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത് വളരെ ഗൗരവമായി കാണണമെന്ന് അറിയിക്കുന്നു.

ഒപ്പ്
**ചീഫ് എൻജിനീയർ**

അംഗീകാരത്തോടെ

**ഡെപ്യൂട്ടി ചീഫ് എൻജിനീയർ**

S401